## പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 6325 03.04.2018-ൽ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗങ്ങൾക്ക് തുടർപഠനം

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി) | |
| (എ) | പട്ടികജാതി വിഭാഗങ്ങളിൽ അവശേഷിക്കുന്ന നിരക്ഷരർ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | (എ) & (ബി) & (സി) | 2011 ലെ സെൻസസ് പ്രകാരം പട്ടികജാതി വിഭാഗത്തിന്റെ സാക്ഷരതാനിരക്ക് 88.73% ആയിരുന്നു. അതിനുശേഷം ഒരു സമ്പൂർണ്ണ സർവ്വെ നടന്നിട്ടില്ല. പട്ടികജാതിക്കാരുടെ നിരക്ഷരതാ നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് പട്ടികജാതി വികസന വകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടില്ല. എന്നാൽ **കേരള സംസ്ഥാന സാക്ഷരതാമിഷൻ** അതോറിറ്റി നടത്തിവരുന്ന പത്താംതരം/പന്ത്രണ്ടാംതരം തുല്യതാകോഴ്സിൽ രജിസ്റ്റർ ചെയ്ത് പഠിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ പഠിതാക്കൾക്ക് പൂർണ്ണമായും ഫീസ് സൗജന്യം നൽകി വരുന്നു. കേരളത്തിലെ പട്ടികജാതി വിഭാഗക്കാർ താമസിച്ചുവരുന്ന കോളനികളിൽ പ്രത്യേക സാക്ഷരത-തുല്യതാപരിപാടി നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെ 'നവചേതന' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ പതിനാല് ജില്ലകളിൽ നിന്നും തെരഞ്ഞെടുത്ത 100 പട്ടികജാതി കോളനികളിലാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജില്ലകളിൽ വിദ്യാഭ്യാസപരമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന കോളനികളെയാണ് പദ്ധതിയുടെ ആദ്യഘട്ടത്തിൽ പരിഗണിക്കുന്നത്. അതത് ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിലാണ് ഈ കോളനികളെ തെരഞ്ഞെടുത്ത് നൽകിയിട്ടുള്ളത്. ആദ്യഘട്ട പ്രവർത്തനം അഞ്ച് മാസക്കാലയളവാണ്. ഈ ഘട്ടത്തിൽ സർവേയിലൂടെ കണ്ടെത്തിയ നിരക്ഷരർക്ക് സാക്ഷരതാക്ലാസുകൾ നൽകും. |
| (ബി) | പഠനം പാതിവഴിയിൽ മുടങ്ങിയവർ എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; | | |
| (സി) | ഇവർക്കു തുടർ പഠനത്തിന് വേണ്ടി ആവിഷ്ക്കരിച്ച പദ്ധതികൾ എന്തൊക്കെയാണെന്നും; എത്ര വർഷത്തേക്കാണ് പ്രസ്തുത പദ്ധതിയെന്നും; ഇതിനുവേണ്ട ഫണ്ട് എത്രയാണെന്നും വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ